**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4003** **06-08-2021 - ൽ മറുപടിയ്ക്ക്**

**സിനിമ മേഖലയ്ക്ക് പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മലയാള സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ ഈ മേഖലക്ക് ഒരു പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോവിഡിനെ തുടർന്ന് സിനിമാ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സിനിമാ, ടെലിവിഷൻ രംഗത്തെ 2364 കലാകാരൻമാർക്ക് ചലച്ചിത്ര അക്കാദമി മുഖേന 2000/- രൂപ വീതം സമാശ്വാസ ധനസഹായം അനുവദിക്കുകയുണ്ടായി. 32000-ൽപ്പരം സാംസ്കാരിക പ്രവർത്തകർക്ക് 2000/- രൂപ വീതം നൽകിയ സാംസ്കാരിക വകുപ്പിന്റെ കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായിരുന്നു ഇത്. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചലച്ചിത്ര അക്കാദമി ഉൾപ്പെടെ വിവിധ അക്കാദമികളുടെ പദ്ധതിവിഹിതത്തിൽ നിന്ന് 645 ലക്ഷം രൂപ ധനപുനർവിനിയോഗം നടത്തി ചെലവഴിച്ചിട്ടുണ്ട്. സിനിമാ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 19.11.2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ സിനിമാ മേഖലയിലെ സംഘടനാ പ്രതിനിധികളും ചലച്ചിത്ര അക്കാദമി ഉൾപ്പെടെ ബന്ധപ്പെട്ട സ്ഥാപന മേധാവികളും പങ്കെടുത്തിരുന്നു. 24.06.2021-ന് ബഹു.സാംസ്കാരിക വകുപ്പ് മന്ത്രി ചലച്ചിത്ര സംഘടനകളുടെ യോഗം വിളിച്ചു ചേർത്തിരുന്നു. തളർന്നു കിടക്കുന്ന വ്യവസായത്തെ പ്രവർത്തന സജ്ജമാക്കാൻ വേണ്ട നിരവധി നിർദ്ദേശങ്ങൾ ഈ യോഗങ്ങളിൽ ഉയരുകയുണ്ടായി. വിനോദ നികുതി ഒഴിവാക്കുക, തീയേറ്ററുകളുടെ വൈദ്യുതി ഫിക്സഡ് ചാർജ്ജുകളിൽ ഇളവു നൽകുക . സിനിമയെ വ്യവസായമായി അംഗീകരിക്കുക. സിനിമയിൽ പൊതു, സ്വകാര്യ നിക്ഷേപം നടത്തുക, ഷൂട്ടിംഗ് അനുമതിക്കായി ഏകജാലകസംവിധാനം ഏർപ്പെടുത്തുക. കെ.എസ്.എഫ്.ഡി.സി നിലവിൽ നൽകുന്ന സബ്സിഡി 5 ലക്ഷത്തിൽ നിന്ന് പത്തു ലക്ഷമായി ഉയർത്തുക തുടങ്ങിയ ആവശ്യങ്ങളും |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളുമാണ് ഈ യോഗങ്ങളിൽ ചലച്ചിത്ര സംഘടനാ പ്രതിനിധികൾ പ്രധാനമായും മുന്നോട്ട് വെച്ചത്. ഈ നിർദ്ദേശങ്ങൾ സർക്കാർ അനുഭാവപൂർണ്ണം പരിശോധിച്ച് വരുന്നു. |
| (ബി) | മലയാള സിനിമയുടെ വളർച്ചക്ക് മെറിലാൻഡ് സ്റ്റുഡിയോ ഉൾപ്പെടെ വികസിപ്പിക്കുന്നതിനും ഷൂട്ടിങ്ങിനും മറ്റും കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ? | (ബി) | മെറിലാൻഡ് സ്റ്റുഡിയോ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല .കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതി KIIFB ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ